ഭാരത സർക്കാർ
നിയമ മന്ത്രാലയം

# 1978-ലെ പലിശ ആക്റ്റ്

## (1978-ലെ 14-ാം ആക്റ്റ്)

(1986 മേയ് 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

## The Interest Act, 1978

**(Act No. 14 of 1978)**

(As on 1st May, 1986)

©

വില

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെൻറുപ്രസ് സൂപ്രണ്ട്
ആ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1986

# ആമുഖം

1986 മേയ് 1-ാം തീയതി നിലവിലിരുന്നപ്രകാരമുള്ള 1978-ലെ പലിശ ആക്റ്റിന്റെ (1978-ലെ 14-ാം ആക്റ്റ്) മലയാളത്തിലെ ആധികാരിക പരിഭാഷ ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1986 ജൂലായ് 28-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം 1-ാം നമ്പരായി ഒന്ന് മുതൽ നാല് വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

മലയാളത്തിലെ ഈ ആധികാരിക പരിഭാഷ 1973-ലെ പ്രാധികൃത തർജ്ജമകൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ് 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പരിഭാഷയായിത്തീരുകയും ചെയ്തു.

ന്യൂഡൽഹി,
28-7-1986.

സി. രാമൻ മേനോൻ,
ഭാരത സർക്കാരിന്റെ അഡീഷണൽ സെക്രട്ടറി.

# PREFACE

This edition of the Interest Act, 1978 (Act 14 of 1978) as on 1st May, 1986 contains [illegible] translation of that Act in Malayalam and the same was published in the Gazette of India Extraordinary, Part XI section 1 No. 1, Vol. 1 dated 28th July, 1986 on pages 1 to 4

This authorised translation in Malayalam was published under the authority of the President under clause (a) of section 2 of the Authorised Translations (Central Laws) Act, 1973, and on such publication became the authorised translation of the Act in Malayalam.

New Delhi,
28-7-1986.

G. RAMAN MENON,
*Additional Secretary to the Government of India.*

# 1978–ലെ പലിശ ആക്ററ്

## വകുപ്പുകളുടെ വിന്യാസം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | .. | 1 |
| 2. നിർവ്വചനങ്ങൾ | .. | 1 |
| 3. പലിശ അനുവദിക്കാൻ കോടതിക്കുള്ള അധികാരം | .. | 2 |
| 4. ചില നിയമങ്ങൾക്കു കീഴിൽ നൽകേണ്ട പലിശ | .. | 3 |
| 5. 1908-ലെ സിവിൽ നടപടി നിയമസംഹിത 34-ാം വകുപ്പ് ബാധകമാണെന്ന് | .. | 3 |
| 6. റദ്ദാക്കലും ഒഴിവാക്കലും | .. | 3 |

# 1978-ലെ പലിശ ആക്റ്റ്

(1978—ലെ 14—ാം ആക്റ്റ്)

[മാർച്ച് 31, 1978]

ചില കാര്യങ്ങളിൽ പലിശ നൽകുന്നതു സംബന്ധിച്ച നിയമം സഞ്ചയിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും വേണ്ടിയുള്ള ആക്റ്റ്.

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ 29—ാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയുന്നപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. (1) ഈ ആക്റ്റിന് 1978—ലെ പലിശ ആക്റ്റ് എന്നു പേർ പറയാം. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും

(2) ഇതിനു ജമ്മു—കാശ്മീർ സ്റ്റേറ്റ് ഒഴിച്ച് ഇൻഡ്യ മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, നിർവ്വചനങ്ങൾ

(ക) ''കോടതി''—ഇൽ ട്രിബ്യൂണലും ആർബിട്രേറററും ഉൾപ്പെടുന്നതാകുന്നു;

(ഖ) ''നിലവിലുള്ള പലിശ നിരക്ക്'' എന്നാൽ, 1949—ലെ ബാങ്കിംഗ ക്രമപ്പെടുത്തൽ ആക്റ്റ് അനുസരിച്ച് ഭാരതീയ റിസർവ്വ് ബാങ്ക് ബാങ്കിംഗ് കമ്പനികൾക്ക് നൽകുന്നതോ ബാങ്കിംഗ് കമ്പനികൾക്കുവേണ്ടി സാമാന്യമായി പുറപ്പെടുവിക്കുന്നതോ ആയ നിർദ്ദേശങ്ങൾ അനുസരിച്ച് വ്യത്യസ്ത തരം പട്ടികബാങ്കുകൾക്ക് (സേവിംഗ്സ് അക്കൗണ്ടിൽ വച്ചുപോരുന്നതോ മതധർമ്മസ്ഥാപനങ്ങൾ വച്ചുപോരുന്നതോ അല്ലാത്ത) വ്യത്യസ്ത തരം നിക്ഷേപങ്ങളിൻമേൽ കൊടുക്കാവുന്ന പരമാവധി നിരക്കുകളിൽ ഏററവും കൂടിയത് എന്ന് അർത്ഥമാകുന്നു.

വിശദീകരണം.—ഈഖണ്ഡത്തിൽ ''പട്ടിക ബാങ്ക്'' എന്നതിന് സഹകരണ ബാങ്കുകൾ ഒഴിച്ച് 1949—ലെ ബാങ്കിംഗ് ക്രമപ്പെടുത്തൽ ആക്റ്റ്, അധികാരപ്പെടുത്തിയ ബാങ്കിംഗ് പ്രവർത്തനങ്ങൾ നടത്തുന്ന ബാങ്ക് എന്നർത്ഥമാകുന്നു; 1949-ലെ 10

(ഗ) ''കടം'' എന്നാൽ നിശ്ചിത തുകയ്ക്കുള്ള ഏതൊരു ബാദ്ധ്യതയും എന്നർത്ഥമാകുന്നതും സാധനമായി നല്കേണ്ടുന്ന കടവും അതിൽ ഉൾപ്പെടുന്നതും എന്നാൽ വിധിക്കടം ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(ഘ) ''വ്യക്തി ക്ഷതങ്ങളി''ൽ ഒരാളുടെ ശാരീരികമോ മാനസികമോ ആയ അവസ്ഥയിൽ ഉള്ള ഏത് സുഖക്കേടും വൈകല്യവും ഉൾപ്പെടുന്നതാകുന്നു;

(ങ) ഇതിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1934—ലെ ഭാരതീയ റിസർവ്വ് ബാങ്ക് ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതും ആയ മറെറല്ലാ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും യഥാക്രമം ആ ആക്റ്റിൽ നല്കിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്. 1934-ലെ 2

പലിശ അനുവദിക്കാൻ കോടതിക്കുള്ള അധികാരം.

3. (1) ഏതെങ്കിലും കടമോ നഷ്ടപരിഹാരമോ വസൂൽ ആക്കാനുള്ള നടപടികളിലോ അഥവാ ഈടാക്കിയ കടത്തിനോ നഷ്ടപരിഹാരത്തിനോ ഉള്ള പലിശ ഈടാക്കാനുള്ള നടപടിയിലോ, കോടതിക്ക്, യുക്തമെന്നു തോന്നുകയാണെങ്കിൽ, കടത്തിനോ നഷ്ട പരിഹാരത്തിനോ അർഹതയുള്ള ആൾക്കോ, അഥവാ അങ്ങനെയുള്ള അവകാശം ഉന്നയിക്കുന്ന ആൾക്കോ, അതതു സംഗതിപോലെ, നിലവിലുള്ള പലിശ നിരക്കിൽ കവിയാത്ത ഒരു നിരക്ക് താഴെ പറയുന്ന മുഴുവൻ കാലത്തേക്കോ അതിൻെറ ഭാഗത്തിനോ അനുവദിക്കാവുന്നതാണ്, അതായത്:—

(ക) ലിഖിതമായ ഒരു പ്രമാണം അനുസരിച്ച് ഒരു നിശ്ചിത സമയത്ത് തിരിച്ചടയ്ക്കേണ്ട ഒരു കടത്തെ സംബന്ധിച്ചാണ് നടപടിയെങ്കിൽ, കടം തിരിച്ചടയ്ക്കേണ്ട തീയതി മുതൽ നടപടിയാരംഭിച്ച തീയതി വരെ ;

(ഖ) അങ്ങനെയുള്ള കടം സംബന്ധിച്ചല്ല നടപടിയെങ്കിൽ പലിശയ്ക്ക് അർഹനായ ആളിൽ നിന്നോ അഥവാ പലിശ അവകാശപ്പെടുന്ന ആളിൽ നിന്നോ പലിശ നല്കാൻ ബാദ്ധ്യസ്ഥനായ ആൾക്കുള്ള ലിഖിതമായ നോട്ടീസിൽ പറഞ്ഞിരിക്കുന്ന തീയതി മുതൽ നടപടി ആരംഭിച്ച തീയതി വരെ:

എന്നാൽ നടപടി ആരംഭിക്കുന്നതിനു മുൻപ് കടമോ നഷ്ടപരിഹാരമോ തിരിച്ചു നൽകിയിട്ടുള്ളിടത്ത്, അങ്ങനെ തിരിച്ച് നല്കിയ ശേഷമുള്ള കാലത്തേക്ക് ഈ വകുപ്പിൻകീഴിൽ പലിശ അനുവദിക്കാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നടപടിയിൽ,—

(ക) ഏതെങ്കിലും തുകയ്ക്കുള്ള വിധിയോ ഉത്തരവോ അവാർഡോ, നഷ്ടപരിഹാരത്തിൻമേലുള്ള പലിശകൂടാതെ, നാലായിരം രൂപയിൽ കവിയുന്നിടത്തും,

(ഖ) ആ തുക വാദിക്കോ മറേറതെങ്കിലും ആൾക്കോ സംഭവിച്ച വ്യക്തിക്ഷതങ്ങൾ സംബന്ധിച്ചോ അഥവാ ഒരാളുടെ മരണം സംബന്ധിച്ചോ ഉള്ള നഷ്ടപരിഹാരം ആയിരിക്കുകയോ അത് ആ തുകയിൽ ഉൾപ്പെട്ടിരിക്കുകയോ ചെയ്യുന്നിടത്തും,

അങ്ങനെയുള്ള നഷ്ടപരിഹാരത്തിന് പലിശ ഈടാക്കാതിരിക്കാൻ പ്രത്യേക കാരണങ്ങൾ ഉണ്ടെന്ന് കോടതിക്ക് ബോദ്ധ്യമാകുന്നില്ലെങ്കിൽ, നോട്ടീസിൽ പറഞ്ഞിരിക്കുന്ന തീയതി മുതൽ നടപടി ആരംഭിച്ചതു വരെയുള്ള കാലയളവ് മുഴുവനുമോ അതിൻെറ ഒരു ഭാഗത്തിനോ, നഷ്ടപരിഹാരമായി നല്കുന്ന തുകയ്ക്ക് മുഴുവനുമോ അഥവാ കോടതിക്ക് അനുയോജ്യമെന്നു തോന്നുന്ന അതിൻെറ ഒരു ഭാഗത്തിനോ ഉള്ള പലിശകൂടി ആ തുകയിൽ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കണം ആ ഉപവകുപ്പിനാൽ നല്കപ്പെട്ടിട്ടുള്ള അധികാരം പ്രയോഗിക്കുന്നത്.

(3) ഈ വകുപ്പിൽ പറഞ്ഞ യാതൊന്നും,—

(ക) (i) ഒരു കരാറിൻെറ അടിസ്ഥാനത്തിൽ പലിശ നല്കാൻ ബാദ്ധ്യതയുള്ളിടത്തെ കടത്തെയും നഷ്ടപരിഹാരത്തെയും;

(ii) പ്രകടമായ ഒരു കരാറിൻെറ അടിസ്ഥാനത്തിൽ പലിശ നല്കുന്നതിൽനിന്നും വിലക്കപ്പെട്ടകടത്തേയും നഷ്ടപരിഹാരത്തേയും, ബാധിക്കുന്നതോ;

(ഖ) (i) 1881-ലെ നെഗോഷ്യബിൾ പ്രമാണങ്ങൾ ആക്ററിൽ (1881-ലെ 26) നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള ചെക്കോ പ്രോനോട്ടോ വിനിമയ പത്രമോ മാനിക്കപ്പെടാതിരിക്കുന്നതിന് നഷ്ടപരിഹാരം ഈടാക്കുന്നതിനേയും;

(ii) 1908—ലെ സിവിൽ നടപടി നിയമസംഹിത ഒന്നാം പട്ടിക II—ാം ഓർഡർ 2—ാം ചട്ടത്തിലെ വ്യവസ്ഥകളേയും; 1908-ലെ 5

സ്പർശിക്കുന്നതോ;

(ഗ) പലിശയിൻമേൽ പലിശ അവാർഡ് ചെയ്യാൻ കോടതിയെ അധികാരപ്പെടുത്തുന്നതോ;

അല്ല.

4. (1) 3—ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും നിയമത്തിൻേറയോ നിയമത്തിലെ ചട്ടത്തിൻേറയോ നിയമസാധുതയുള്ള ആചാരത്തിൻേറയോ അടിസ്ഥാനത്തിൽ പലിശ നല്കേണ്ട എല്ലായിടത്തും അത് നല്കേണ്ടതാണ്.

ചില നിയമങ്ങരം ക്കു കീഴിൽ നൽകേണ്ട പലിശ.

(2) മേൽ പ്രസ്താവിച്ചത് എന്തുതന്നെയായിരുന്നാലും (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്കു ഭംഗം വരാത്തവിധം താഴെപറയുന്ന ഓരോ സംഗതിയിലും, പലിശ അനുവദിക്കാതിരിക്കുന്നതിന് പ്രത്യേക കാരണങ്ങരം ഉണ്ടെന്ന് കോടതിക്ക് ബോദ്ധ്യപ്പെടാത്തപക്ഷം, ന്യായമാണെന്നു കോടതി കരുതുന്ന നിരക്കിൽ താഴെ വിനിർദ്ദേശിക്കുന്ന തീയതി മുതൽ നടപടി ആരംഭിക്കുന്ന തീയതി വരെയുള്ള കാലത്തേയ്ക്ക് പലിശ അനുവദിക്കേണ്ടതാണ്, അതായത്:—

(ക) നിയമത്താലോ കരാറിനാലോ ചുമത്തപ്പെട്ട ഏതെങ്കിലും ബാദ്ധ്യത നിറവേററുന്നതിന് ഈടായി പണമോ മറേറതെങ്കിലും വസ്തുവോ നിക്ഷേപിച്ചിട്ടുള്ളിടത്ത്, നിക്ഷേപത്തീയതി മുതൽ;

(ഖ) പണം കൊടുക്കുന്നതിനോ ഏതെങ്കിലും വസ്തു തിരിച്ചുനല്കുന്നതിനോ ഉള്ള ബാധ്ധ്യത വിശ്വാസാധിഷ്ഠിതബന്ധത്തിൽനിന്ന് ഉദിക്കുമ്പോരം, വ്യവഹാരകാരണത്തിൻെറ തീയതി മുതൽ;

(ഗ) പണമോ മറേറതെങ്കിലും വസ്തുവോ വഞ്ചനമൂലം നേടുകയോ കൈവശംവച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നിടത്ത്, വ്യവഹാരകാരണത്തിൻെറ തീയതി മുതൽ;

(ഘ) ഡവ്വറിനോ ജീവനാംശത്തിനോ അവകാശപ്പെടുന്നിടത്ത്, വ്യവഹാരകാരണത്തിൻെറ തീയതി മുതൽ.

1908—ലെ 5 5. ഈ ആക്ററിൽ ഉള്ള യാതൊന്നും 1908—ലെ സിവിൽ നടപടി നിയമസംഹിത 34—ാം വകുപ്പിലെ വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

1908-ലെ സിവിൽ നടപടി നിയമസംഹിത 34-ാം വകുപ്പ് ബാധകമാണെന്ന്.

1939-ലെ 32 6. (1) ഈ ആക്ററിൻെറ പ്രാരംഭം മുതൽ 1939—ലെ പലിശ ആക്ററും ഏതെങ്കിലും സ്റേററിൽ ഈ ആക്ററിൻെറ പ്രാരംഭത്തിനുതൊട്ടുമുൻപ് നിലവിലുള്ള തത്സ്ഥാനീയമായ മററു നിയമങ്ങളും റദ്ദാക്കിയിരിക്കുന്നു.

റദ്ദാക്കലും ഒഴിവാക്കലും.

(2) ഈ ആക്ററിൻെറ ആരംഭത്തിൽ നിലവിലുള്ള വ്യവഹാരങ്ങരംക്കോ മററ് നിയമനടപടികരംക്കോ ഈ ആക്ററിലെ വ്യവസ്ഥകരം ബാധകമല്ലാത്തതും ഈ ആക്ററിൻെറ പ്രാരംഭത്തിനു തൊട്ടുമുൻപ് പ്രഭാവമുണ്ടായിരുന്ന തത്സ്ഥാനീയ നിയമത്തിലെ വ്യവസ്ഥകരം, (1)—ാം ഉപവകുപ്പുപ്രകാരം റദ്ദാക്കിയിരുന്നാൽ തന്നെയും അങ്ങനെയുള്ള വ്യവഹാരങ്ങരംക്കും മററ് നിയമനടപടികരംക്കും ബാധകമായിരിക്കുന്നതും ആകുന്നു.

(3) (2)–ാം ഉപവകുപ്പിൽ പറയുന്ന പ്രത്യേക സംഗതികൾ, [1897–ലെ 10]
റദ്ദാക്കലിന്റെ പ്രഭാവം സംബന്ധിച്ച 1897–ലെ സാമാന്യ ഖണ്ഡങ്ങൾ
ആക്റ്റ്, 6–ാം വകുപ്പിന്റെ പൊതു ബാധകതയെ സ്പർശിക്കാനോ അതിന്
ഭംഗംവരുത്താനോ പാടുള്ളതല്ല.

C. Raman Menon,
*Additional Secretary to the Government of India.*